"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അക്രഡിറ്റഡ് ഏജൻസികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ച് പുതുതായി ഏൽപിക്കുന്ന പ്രവൃത്തികൾക്ക് 5% മുതൽ 8% വരെ സെന്റേജ് ചാർജ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1817/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/10/2020

---

പരാമർശം:- 1 18.05.2007 -ലെ സ.ഉ.(കൈ) നം.133/07/തസ്വ.ഭ.വ

2 25.07.2017-ലെ സ.ഉ.(അച്ചടി) നം.95/2017/ധന

3 കേരള ഇലക്ട്രിക്കൽ ആൻഡ് അല്ലീഡ് എൻജിനീയറിംഗ് ലിമിറ്റഡ് (കെൽ) മാനേജിംഗ് ഡയറക്ടറുടെ 15.11.2018-ലെ MD.11/LSGD/64/2018 നമ്പർ അപേക്ഷ

4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 06.06.2019-ലെ DB1/4887/12/CE/LSGD നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ അക്രഡിറ്റഡ് ഏജൻസികൾ നിർവഹിക്കുന്ന പ്രവൃത്തികൾക്ക് 2.5% ആണ് സെന്റേജ് ചാർജ് ആയി നിശ്ചയിച്ചിരിക്കുന്നത്. അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സെന്റേജ് ചാർജ്, നിലവിൽ നൽകുന്ന 2.5% നിന്നും ധനകാര്യ വകുപ്പ് മാനദണ്ഡം അനുസരിച്ച് 5% മുതൽ 8 % ആക്കി പരിഷ്കരിച്ച് നൽകണമെന്ന കേരള ഇലക്ട്രിക്കൽ ആൻഡ് അല്ലീഡ് എൻജിനീയറിംഗ് ലിമിറ്റഡ് (കെൽ) മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷ നൽകിയിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം അടങ്കലിന്റെ അടിസ്ഥാനത്തിൽ സെന്റേജ് ചാർജ് 5% മുതൽ 8 % വരെയുള്ള നിരക്കിൽ നൽകണമെന്നാണ് സർക്കാർ നിഷ്കർഷിച്ചിരിക്കുന്നത്.

(4)-ാം പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെൽ അടക്കമുള്ള അക്രഡിറ്റഡ് ഏജൻസികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും പൂർത്തിയാക്കിയതുമായ പ്രവൃത്തികൾക്ക് നിലവിലുള്ള നിരക്കായ 2.5% സെന്റേജ് ചാർജ് തന്നെ നൽകേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി പുതുതായി എഗ്രിമെന്റ് വച്ച് നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അവ പാലിച്ചു കൊണ്ട് 5% മുതൽ 8% വരെ സെന്റേജ് ചാർജ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ധനകാര്യ വകുപ്പ് (DEV3/174/2019-FIN)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.10.12 12:24:54 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്